**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം,**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം**
**(ഹാജർ - ബിജു പ്രഭാകർ ഐ.എ.എസ്.)**

വിഷയം: - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലാർക്ക് തസ്തികകളിലേക്കുള്ള ഉദ്യോഗക്കയറ്റം നല്കി ഉത്തരവുകൾ പുറപ്പെടുവിച്ചത് - സ്പഷ്ടീകരണം നല്കി ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

പരാമർശം: -
1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 07/10/16-ലെ ഉത്തരവ് നമ്പർ എസ്.എ.(2)-6000/16
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 21/10/16-ലെ സർക്കുലർ നമ്പർ എസ്.എ.(2)-6000/16
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 25/10/16-ലെ ഉത്തരവ് നമ്പർ എസ്.എ.(2)-6000/16
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/11/16-ലെ ഉത്തരവ് നമ്പർ എസ്.എ.(2)-6000/16
5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/12/16-ലെ ഉത്തരവ് നമ്പർ എസ്.എ.(2)-6000/16

**ഉത്തരവ് നമ്പർ എസ്.എ.(2)6000/16 തീയതി 11/01/2017**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലുണ്ടായ 13 ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് 12 എണ്ണം ഹെഡ്ക്ലാർക്കുമാർക്ക് ഉദ്യോഗക്കയറ്റം നല്കിക്കൊണ്ടും ഡെപ്യൂട്ടേഷൻ മതിയാക്കി മടങ്ങിയ ഒരു ജൂനിയർ സൂപ്രണ്ടിന് തിരികെ നിയമനം നല്കിക്കൊണ്ടും നിലവിലെ ചില ജൂനിയർ സൂപ്രണ്ടുമാർക്ക് സ്ഥലം മാറ്റം നല്കിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉദ്യോഗക്കയറ്റങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുന്നതായി മേൽ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ, സ്ഥലം മാറ്റം അനുവദിച്ച സ്റ്റേഷനുകളെ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനായി ആക്ഷേപങ്ങൾ നിശ്ചിത സമയത്തിനകം സമർപ്പിക്കണമെന്ന് ടി ഉത്തരവിലും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുംവരെ സ്ഥലംമാറ്റം ലഭിച്ചവരെ / ഉദ്യോഗക്കയറ്റം ലഭിച്ചവരെ വിടുതൽ

ചെയ്യരുതെന്ന് പരാമർശം (2) പ്രകാരമുള്ള സർക്കുലറിലും നിർദ്ദേശിച്ചിരുന്നു.

അതേ സമയം, പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ 12 ഹെഡ് ക്ലാർക്കുമാരുടെ ഒഴിവുകളിലേയ്ക്ക് തുല്യ എണ്ണം സീനിയർ ക്ലാർക്കുമാർക്ക് ഉദ്യോഗക്കയറ്റം നല്കി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ സ്ഥലം മാറ്റം ലഭിച്ചവരെ / ഉദ്യോഗക്കയറ്റം നല്കപ്പെട്ടവരെ വിടുതൽ ചെയ്യേണ്ടതില്ലായെന്ന് ടി ഉത്തരവിലും നിർദ്ദേശിക്കുകയുണ്ടായി.

ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നല്കിക്കൊണ്ടുള്ള പരാമർശം (1) ലെ സ്ഥലം മാറ്റങ്ങൾ ക്രമപ്പെടുത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നല്കിക്കൊണ്ടുള്ള പരാമർശം (3) ലെ സ്ഥലംമാറ്റങ്ങൾ ക്രമപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പരാമർശം (3) പ്രകാരം ഉദ്യോഗക്കയറ്റം നല്കപ്പെട്ടവരുടെ ഉദ്യോഗക്കയറ്റത്തീയതി ഉത്തരവ് തീയതിയായ 25/10/2016 ആണെന്ന് പരാമർശം (5) ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, പരാമർശം (1) ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നല്കപ്പെട്ടവരുടെ ഉദ്യോഗക്കയറ്റത്തീയതി ഏതായിരിക്കുമെന്ന് സംശയങ്ങൾ ഉയർന്നിട്ടുണ്ട്. ഇത് സംബന്ധിച്ച സ്പഷ്ടീകരണം ഇതോടൊപ്പം നല്കുന്നു.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നല്കപ്പെട്ടവരുടെ ഉദ്യോഗക്കയറ്റത്തിന്റെ പ്രാബല്യത്തീയതി ഉത്തരവ് തീയതിയായ 07/10/2016 ആണ്. ടിയാളുകളുടെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.&എസ്.എസ്.ആർ., ഭാഗം-II, ചട്ടം 27(a) പ്രകാരം ആദ്യ ഉത്തരവ് തീയിതിയായ 07/10/2016-നെ അടിസ്ഥാനമാക്കിയും, ടി തസ്തികയിലെ ശമ്പളം പുതിയ തസ്തികയിൽ ടിയാളുകൾ ജോലിയിൽ പ്രവേശിച്ച തീയതിയെ അടിസ്ഥാനമാക്കി കെ.എസ്.ആർ, ഭാഗം-I, ചട്ടം 23(a) പ്രകാരവും നിർണ്ണയിക്കേണ്ടതാണ്.

പരാമർശം (4), (5) എന്നിവയിലെ ഉത്തരവുകൾ ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് തസ്തികയിലെ സ്ഥലംമാറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകളാണെന്നും സ്പഷ്ടമാക്കുന്നു.

ഒപ്പ്
ഡയറക്ടർ
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

ജൂനിയർ സൂപ്രണ്ട്
Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
(നിയന്ത്രണാധികാരികൾ മുഖേന)

പകർപ്പ്-

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), തിരുവനന്തപുരം / കൊല്ലം / ആലപ്പുഴ / എറണാകുളം / കോട്ടയം / കോഴിക്കോട് / മലപ്പുറം / പാലക്കാട് / കണ്ണൂർ
4. സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ്, മരട്, എറണാകുളം
5. സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ്, നെടുമങ്ങാട്, തിരുവനന്തപുരം
6. സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ്, ആനയറ, തിരുവനന്തപുരം
7. സെക്രട്ടറി, റൂറൽ അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ്, സുൽത്താൻ ബത്തേരി, വയനാട്
8. ഫാം സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, ചുങ്കത്തറ, മലപ്പുറം / നേരിയമംഗലം, എറണാകുളം
9. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, റ്റി X ഡി പോളിനേഷൻ യൂണിറ്റ്, ചാലോട്, കണ്ണൂർ
10. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സീഡ് ഫാം, വടകര, കോഴിക്കോട്
11. ചീഫ് ഡെവലെപ്പ്മെന്റ് ഓഫീസർ, കരിനില വികസന ഏജൻസി, പുറക്കാട്, ആലപ്പുഴ
12. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I & II (ഹെഡ്ക്വാർട്ടർ)
13. എല്ലാ അക്കൌണ്ട്സ് ഓഫീസർമാർക്കും (ഹെഡ്ക്വാർട്ടർ)
14. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെയും, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും സീനിയർ ഫിനാൻസ് ഓഫീസറുടെയും സി.എ.മാർക്ക്
15. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
16. അക്കൌണ്ട്സ് സെക്ഷൻ / എസ്.ജി.(1) & (2) സെക്ഷൻ / ഓഡിറ്റ് സെക്ഷൻ / ഒ ആന്റ് എം സെക്ഷൻ / പി.ആർ.സെക്ഷൻ
17. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി.സെൽ, ഹെഡ്ക്വാർട്ടർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
18. സ്റ്റോക്ക് ഫയൽ / അധികം